പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4450 — 27/06/2013 -ൽ മറുപടിക്ക്

രജിസ്ട്രേഷൻ ഓൺലൈൻ വഴിയും, മുദ്രപത്രങ്ങൾ ചെലാൻ വഴിയും നൽകുന്ന സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടർവൽക്കരണം ഏത് ഘട്ടത്തിലാണ്; | എ) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർ വത്ക്കരണ നടപടികളുടെ ഭാഗമായി, 12 സബ് രജിസ്ട്രാർ ഓഫീസുകൾ ഭാഗികമായി ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു. ബാക്കിയുള്ള ഓഫീസുകളിൽ ഈ പദ്ധതി 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| ബി) രജിസ്ട്രേഷൻ ഓൺലൈൻ വഴിയും, മുദ്രപത്രങ്ങൾ ചെലാൻ വഴിയും നൽകുന്ന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) ബാദ്ധ്യതാ സർട്ടിഫിക്കറ്റും, ആധാരങ്ങളുടെ പകർപ്പും ലഭിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയതുമൂലമുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) ബാദ്ധ്യതാ സർട്ടിഫിക്കറ്റിനും ആധാര പകർപ്പിനും വേണ്ടിയുള്ള പുതിയ സംവിധാനത്തിന് തുടക്കത്തിൽ ചില പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിരുന്നു. |
| ഡി) എങ്കിൽ, ഇത് പരിഹരിക്കുവാനും ആശങ്കകൾ അകറ്റുവാനും നടപടി സ്വീകരിക്കുമോ? | ഡി) സാങ്കേതിക പോരായ്മകൾ അടിയന്തിര പ്രാധാന്യത്തോടെ ഇതിനകം തന്നെ പരിഹരിച്ചിട്ടുള്ളതാണ്. ഇപ്പോൾ പ്രസ്തുത സേവനങ്ങൾ കാര്യക്ഷമമായി നൽകുവാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.